ബാന്റ് മേളം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരമായി സംഘടിപ്പിക്കാൻ നടപടി

49 (1085) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂൾ കലോത്സവങ്ങളിൽ ബാന്റ് മേളം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം മത്സരമായി സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

അടുത്ത സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരണ വേളയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സൗജന്യ യൂണിഫോം

50 (1086) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഏത് ക്ലാസുവരെയുള്ള ഏതൊക്കെ വിഭാഗം കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നല്കുന്നത് ; എത്ര ജോഡി യൂണിഫോമാണ് ഓരോ കുട്ടിക്കും നല്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ ഏർപ്പെടുത്തിയ ഏജൻസി വഴിയാണോ യൂണിഫോം വിതരണം ചെയ്യുന്നത് ; ഏത് കമ്പനി ; ഇവർക്ക് എത്ര രൂപയാണ് നൽകിയത് ; വ്യക്തമാക്കുമോ ;

(സി) അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും പല സ്കൂളുകളിലും യൂണിഫോം എത്തിയിട്ടില്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഡി) സർക്കാർ അനുവദിച്ച യൂണിഫോം ബഹുഭൂരിപക്ഷം സ്കൂളുകളിലും ഉപയോഗിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ഒരേ യൂണിഫോം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനും അതനുസരിച്ച് സ്കൂൾ വർഷാരംഭത്തിൽ തന്നെ യൂണിഫോമിനുള്ള തുക വിദ്യാർത്ഥികൾക്ക് നേരിട്ട് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly